# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T *3685.     15.12.2014 -ൽ മറുപടിക്ക്

### കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ വേതനവ്യവസ്ഥയിലെ ന്യൂനത പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യ മന്ത്രി) |
| എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളായി വരുന്നവർക്ക് രണ്ടുതരം വേതന വ്യവസ്ഥ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ബി) എങ്കിൽ ഇത് പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;<br>സി) പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) + (ബി) + (സി) ഉണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളായി വരുന്നവർക്ക് രണ്ടുതരം വേതന വ്യവസ്ഥയാണ് നിലനിൽക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് പി.എസ്.സി. യിൽ നിന്ന് വിരമിച്ച ചില അംഗങ്ങളും, നിലവിലെ ചില അംഗങ്ങളും നൽകിയ നിവേദനങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.<br>കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കോംപോസിഷൻ ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ് ഓഫ് മെമ്പേഴ്സ് ആന്റ് സ്റ്റാഫ്) റെഗുലേഷൻസ് 1957 പ്രകാരവും, ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 315-320 ലെ വ്യവസ്ഥകൾ പ്രകാരവുമാണ് പി.എസ്.സി. അംഗങ്ങളുടെ സേവന വേതന വ്യവസ്ഥകൾ |

നിശ്ചയിച്ചിട്ടുള്ളത്. ആകെയുള്ള മെമ്പർമാരുടെ എണ്ണത്തിന്റെ പകുതി മെമ്പർമാർ സംസ്ഥാന/കേന്ദ്ര സർക്കാർ ജീവനക്കാരായി 10 വർഷമെങ്കിലും സേവനമനുഷ്ഠിച്ചിട്ടുള്ള വരായിരിക്കണമെന്നും നിഷ്കർഷി ച്ചിട്ടുണ്ട്. സർക്കാർ സർവ്വീസിൽ നിന്ന് പി.എസ്.സി. അംഗമായി വന്നവർക്ക് സർക്കാർ സേവനത്തി നനുസരിച്ചോ, പി.എസ്.സി.യിലെ സേവനത്തിന് അനുസരിച്ചോ ഉള്ള വേതനം/ പെൻഷൻ സ്വയം തെരഞ്ഞെടുക്കാനുള്ള അവസരമുണ്ട്. ഇക്കാരണത്താലാണ് രണ്ടുതരം വേതന വ്യവസ്ഥ നിലനിൽക്കുന്നത്. ഈ വ്യവസ്ഥകൾ അംഗീകരിച്ചു കൊണ്ടാണ് ഓരോ പി.എസ്.സി. അംഗവും ചുമതലയേൽക്കുന്നത്.

സെക്ഷൻ ഓഫീസർ